പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3228

19-06-2019-ൽ മറുപടിക്ക്

## കരുനാഗപ്പള്ളി മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ

**ചോദ്യം**

**ശ്രീ.ആർ. രാമചന്ദ്രൻ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | കരുനാഗപ്പള്ളി മണ്ഡലത്തിൽ 2018-19 വർഷത്തിലെ കാർഷിക സേവന കേന്ദ്ര സ്കീമിൽ ഉൾപ്പെടുത്തി കാർഷിക സേവന കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| (ബി) | ഇവിടെ നിന്നും ഏതെല്ലാം സേവനങ്ങളാണ് കർഷകർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | അഗ്രോ സർവ്വീസ് സെന്ററുകൾ വഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം കർഷകർക്ക് ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവന കേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുന്നതിനും തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും അഗ്രോ സർവ്വീസ് സെന്ററുകൾ സഹായകരമാണ്. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാർ ഇതിനായി പ്രവർത്തിക്കുന്നു. കാർഷിക യന്ത്രങ്ങൾ മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുക തുടങ്ങിയ സേവനങ്ങളും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് നൽകി വരുന്നു.<br>കർഷകർക്ക് വേണ്ടുന്ന എല്ലാവിധ സേവനങ്ങളും കരുനാഗപ്പള്ളി അഗ്രോ സർവ്വീസ് സെന്റർ വഴി ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയതായി ആരംഭിച്ച ടി സെന്ററിന്റെ പ്രവർത്തനം വിപുലീകരിച്ച് വരുന്നതേയുള്ളൂ. ബഹു. എം.എൽ.എ അദ്ധ്യക്ഷനായുള്ള ബ്ലോക്ക്തല കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സെന്ററിന്റെ പ്രവർത്തനം നിരീക്ഷിക്കപ്പെടുന്നത്. |
| (സി) | ട്രാക്ടർ, ടില്ലർ, മെതിയന്ത്രം തുടങ്ങിയവ കർഷകർക്ക് വാടകയ്ക്ക് ലഭിക്കുന്നതിന് സൗകര്യമുണ്ടോയെന്നും ആയതിന്റെ നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ ; | (സി) | 27 HP KUBOTA ട്രാക്ടർ-1, KAMCO പവർ ടില്ലർ-2, തടമെടുക്കുന്ന യന്ത്രം-2, നെല്ല് മെതി പാറ്റൽ യന്ത്രം -1, KAMCO കൊയ്ത്തുയന്ത്രം-2, പമ്പ് സെറ്റ്-1, മരം മുറിക്കുന്ന യന്ത്രം-2, കാട്ടുവെട്ടിയന്ത്രം-5, തെങ്ങു കയറ്റ യന്ത്രം-5, പവർ സ്പ്രേയർ-2, ശിഖരം കോതുന്ന യന്ത്രം-1, എന്നിങ്ങനെയുള്ള 22 ലക്ഷം രൂപ വിലമതിക്കുന്ന കാർഷിക യന്ത്രങ്ങൾ ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. പവർ ടില്ലറിന് മണിക്കൂറിന് 650/- രൂപ നിരക്കിലും ഒരു തെങ്ങ് കയറുന്നതിന് 40/- രൂപ നിരക്കിലും വാടക നിശ്ചയിച്ചിട്ടുണ്ട്. മറ്റു യന്ത്രങ്ങളുടെ വാടക ബ്ലോക്ക് തല കമ്മിറ്റി നിജപ്പെടുത്തി നൽകുന്നതാണ്. |
| (ഡി) | വിത്തുകൾ, വളങ്ങൾ മുതലായവ ലഭിക്കുന്നതിനും പ്രസ്തുത സെന്ററിൽ സൗകര്യമുണ്ടാകുമോ; വ്യക്തമാക്കുമോ? | (ഡി) | എല്ലാ തരത്തിലുള്ള വിത്തുകളും നടീൽ വസ്തുക്കളും ജൈവ കീടനാശിനികളും ഈ സേവന കേന്ദ്രം വഴി ലഭ്യമാക്കുന്നതിന് വേണ്ടുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ